LIBRARY ARCHIVES Kerala Legislative Assembly

വ്യാജ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നത് തടയാൻ നടപടി

135 [3025] ശ്രീ. കെ. പി. രാജേന്ദ്രൻ :
,, മാങ്കോട് രാധാകൃഷ്ണൻ :
,, പി. എസ്. സുപാൽ :
,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ സർവ്വകലാശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) വിദേശ സർവ്വകലാശാലകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നയം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന് പുറത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാലകൾക്ക് സംസ്ഥാനത്തിന് അകത്ത് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) പുറത്തുനിന്നുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഇ) സംസ്ഥാനത്തിന് അകത്ത് നിരവധി വ്യാജ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല.

(ബി) കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്.

(സി) മറ്റ് സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളുടെ അംഗീകാരത്തോടെയുള്ള സബ്സെന്ററുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഓരോ കോഴ്സിന്റെയും സിലബസ്സിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി അക്കാഡമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സർവ്വകലാശാലകളാണ് അംഗീകാരം നൽകുന്നത്.

(ഇ) സെന്റ് ജോൺസ് യൂണിവേഴ്സിറ്റി എന്ന വ്യാജ സർവ്വകലാശാല കേരളത്തിൽ പ്രവർത്തിക്കുന്നതായി യു. ജി. സി. അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് മറ്റ് വിവരം ലഭ്യമല്ല. യു. ജി. സി.-യുടെ ശുപാർശയിൻമേൽ സർക്കാർ മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.